# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 122 | 28.11.2018-ൽ മറുപടിക്ക്

### ശബരിമലയുമായി ബന്ധപ്പെട്ടുള്ള അക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘപരിവാർ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങളും നവോത്ഥാന മൂല്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ബോധപൂർവ്വമായ സംഘടിത പ്രവർത്തനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം അക്രമ പ്രവർത്തനങ്ങളെ നേരിടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) ഇത്തരം നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അറസ്റ്റ് ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ അക്രമ പ്രവർത്തനങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമല മണ്ഡല മകരവിളക്ക് കാലത്തോടനുബന്ധിച്ച് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ |

| | |
|---|---|
| | സ്ഥലങ്ങളിൽ ജില്ലാ മജിസ്ട്രേറ്റ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) ശബരിമലയിൽ യഥാർത്ഥ വിശ്വാസികൾക്ക് ദർശനം നടത്തുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ? | (സി) യഥാർത്ഥ തീർത്ഥാടകർക്ക് സുഗമവും സുരക്ഷിതവുമായ ദർശനം ലഭിക്കുന്നതിനായി പോലീസ് ബന്തവസ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദർശന ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ച് ആ സമയത്ത് എത്തിച്ചേർന്ന് സുഗമമായ ദർശനം ലഭിക്കുന്നതിനുതകുന്ന തരത്തിൽ വെർച്വൽ ക്യൂ (virtual queue) സംവിധാനവും, വെർച്വൽ ക്യൂ സംവിധാനത്തിലൂടെ അല്ലാതെ എത്തുന്ന തീർത്ഥാടകരെ നടപ്പന്തലിൽ വച്ച് സെക്ടറായി തിരിച്ച് ഒരോ സെക്ടറായി ദർശനത്തിനയക്കുന്ന ക്രമീകരണവും, പതിനെട്ടാം പടി കയറുന്നതിന് അയ്യപ്പന്മാരെ, പ്രത്യേകിച്ചും അവശരെയും സ്ത്രീകളെയും കുട്ടികളെയും സഹായിക്കുന്നതിന് പ്രത്യേകം പോലീസുദ്യോഗസ്ഥരെ പതിനെട്ടാം പടിയിൽ നിയോഗിച്ചും, ഒരേ സമയം കൂടുതൽ പേർക്ക് ദർശനം ലഭിക്കത്തക്ക വിധത്തിൽ ശ്രീകോവിലിനു മുൻപിൽ വരികളുടെ എണ്ണം വർദ്ധിപ്പിച്ചും സന്നിധാനത്ത് എത്തുന്ന തീർത്ഥാടകർക്ക് സുഗമമായ ദർശനം ഉറപ്പു വരുത്തുന്നുണ്ട്. അയ്യപ്പ ഭക്തർക്ക് വിതരണം നടത്തുന്നതിന് ആവശ്യമായ വഴിപാട് പ്രസാദങ്ങൾ കാലേകൂട്ടി തയ്യാറാക്കി സ്റ്റോക്ക് ചെയ്തിട്ടുള്ളതും മുടക്കം കൂടാതെ പ്രസാദങ്ങൾ വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം വിവിധ പോയിന്റുകളിൽ ചുക്കുവെള്ള |

വിതരണവും ശബരിമല പമ്പ,
നിലയ്ക്കൽ എന്നിവിടങ്ങളിൽ ദേവസ്വം
ബോർഡിന്റെ ചുമതലയിൽ
അന്നദാനവും നടത്തി വരുന്നുണ്ട്.
ദേവസ്വം ബോർഡിന്റെ
നേതൃത്വത്തിൽ പബ്ലിക് റിലേഷൻസ്
ആഫീസും, പിൽഗ്രിം
ഫെസിലിറ്റേഷൻ ഓഫീസും
സന്നിധാനത്ത് പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**